വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്ത് ഉദ്ദേശം 7,000 ഹെക്ടർ (70 സ്കയർ കിലോമീറ്റർ) ഷോല വനങ്ങൾ ഉണ്ട്. സമുദ്രനിരപ്പിൽനിന്നും ഏകദേശം 1,400 മീറ്ററിന് മുകളിൽവരുന്ന പശ്ചിമ ഘട്ട മലനിരകളിൽ ഒറ്റപ്പെട്ട തുരുത്തുകളായാണ് കേരളത്തിൽ ഷോലവനങ്ങൾ കണ്ടു വരുന്നത്. ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നിവ ഒഴികെയുള്ള കേരളത്തിലെ മറ്റെല്ലാ ജില്ലകളിലും ഷോലവനങ്ങൾ ഉണ്ട്.

(ബി) ഷോലവനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുംവേണ്ടി 2000-01 സാമ്പത്തിക വർഷംവരെ "കൺസർവേഷൻ ആന്റ് ഡവലപ്മെന്റ് ഓഫ് ഹിൽ ഷോല ഫോറസ്റ്റ്" എന്ന പദ്ധതി നടപ്പാക്കിവന്നിരുന്നു. 2000-01-നുശേഷം ഷോലവനങ്ങളുടെ സംരക്ഷണത്തിനു മാത്രമായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല.

(സി) വനസംരക്ഷണത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിൽപ്പെടുത്തി ഷോലവനങ്ങളും സംരക്ഷിക്കാൻ കഴിയും.

കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾ

*15 [898] ശ്രീ. ഷിബു ബേബിജോൺ:
" ജോണി നെല്ലൂർ:
" ഉമേഷ് ചള്ളിയിൽ:
" എ. എൻ. രാജൻ ബാബു:
" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വ്യവസായേതര വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒമ്പതാം പദ്ധതിക്കാലത്തിൽനിന്നും വിഭിന്നമായി ബോർഡിനുള്ള സഹായം ഇപ്പോൾ കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) സംസ്ഥാന ക്ഷീരോല്പാദക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്ഥാപനത്തിനാവശ്യമായ സഹായധനം ലഭ്യമാക്കാൻ സർക്കാർ നടപടിയെടുക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്ത് നടത്തുന്ന വ്യവസായേതര വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. 2002-03 വർഷത്തിൽ സുനന്ദിനി വർഗ്ഗ കന്നുകാലികൾക്ക് ഒരു ഫോർഡ് ബുക്ക് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി 45 ലക്ഷം രൂപ നൽകിയിരുന്നു. ഇതിനുപുറമേ ബോർഡിലെ കൃഷി ഓഫീസർമാർ ക്ഷീരവികസന വകുപ്പുമായി ചേർന്ന് പുൽകൃഷി വ്യാപനപരിപാടികൾ നടത്തിയ ഇനത്തിൽ 20 ലക്ഷം രൂപ പ്രതിഫലമായി ക്ഷീരവികസന വകുപ്പ് കെ.എൽ.ഡി. ബോർഡിന് നൽകിയിട്ടുണ്ട്. 2003-04 വർഷത്തിൽ 60 ലക്ഷം രൂപയാണ് ബോർഡിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒമ്പതാം പദ്ധതിക്കാലത്ത് കെ.എൽ.ഡി. ബോർഡിന് സർക്കാർ നൽകിയ സഹായം താഴെ പറയും വിധമാണ്:

| | | |
|---|---|---|
| 1997-1998 | .. | 250 ലക്ഷം രൂപ |
| 1998-1999 | .. | 400 ,, |
| 1999-2000 | .. | 400 ,, |
| 2000-2001 | .. | 200 ,, |
| 2001-2002 | .. | 206.5 ,, |
| ആകെ | | 1456.5 ,, |

10-ാം പദ്ധതിയിൽ 2002-03 വർഷത്തിൽ 65 ലക്ഷം രൂപയും 2003-04-ൽ 60 ലക്ഷം രൂപയുമാണ് അനുവദിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുവാൻ ബാദ്ധ്യതപ്പെട്ടതാകയാൽ തുടർന്ന് പദ്ധതി സഹായം നൽകേണ്ടതില്ലായെന്ന പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്, ഒരു പൊതുമേഖലാ സ്ഥാപനമായ കേരള കന്നുകാലി വികസന ബോർഡിനുള്ള പദ്ധതി സഹായം കുറച്ചത്.

(സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

വനസംരക്ഷണ വിഭാഗത്തിന്റെ ആധുനികവൽക്കരണം

*16 [899] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനസമ്പത്ത് സംരക്ഷിക്കുന്നതിന് വനസംരക്ഷണ വിഭാഗം ആധുനികവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വനസംരക്ഷണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വനംവകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, ആധുനിക വാർത്താവിനിമയ സംവിധാനങ്ങളായ മൊബൈൽ ഫോൺ, വയർലസ്, വാഹനങ്ങൾ, സാങ്കേതിക വിദ്യ ഇവ ലഭ്യമാക്കുന്നുണ്ട്. കമ്പ്യൂട്ടറധിഷ്ഠിതമായ വന ഭരണ വിവര സമ്പ്രദായം നടപ്പിലാക്കി വരുന്നു. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വനംവകുപ്പിലെ പ്രവർത്തനങ്ങളിൽ ഭരണ സമ്പ്രദായവും ഭൂവിവര സമ്പ്രദായവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിയിൽ റെയിഞ്ച് അടിസ്ഥാനത്തിൽവരെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly